# യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ, കോട്ടയം ഭദ്രാസനം സിറിയൻ ഓർത്തഡോക്സ് സെന്ററിന്റെ കൂദാശയും അഭിവന്ദ്യ ഡോ. തോമസ് മോർ തിമോത്തിയോസ് തിരുമേനിയുടെ മെത്രാഭിഷേക രജതജൂബിലിയും

## 2015 ജനുവരി 3 ശനി വൈകുന്നേരം 3.00 ന് കഞ്ഞിക്കുഴിയിൽ

## സിറിയൻ ഓർത്തഡോക്സ് ക്രിസ്ത്യൻ അസ്സോസിയേഷൻ - തോമസ് തീമോത്തീയോസ് മെത്രാപ്പോലീത്ത



പരിശുദ്ധ ഇഗ്നാത്തിയോസ് അഫ്രേം ദ്വിതീയൻ പാത്രീയർക്കീസ് ബാവാ

യാക്കോബായ സഭയിലെ കോട്ടയം ഭദ്രാസനത്തിലെ ചില അത്മായ പ്രമുഖർ 1979 ഫെബ്രുവരി 29-ാം തീയതി ട്രാവൻകൂർ - കൊച്ചിൽ ലിറ്റററി സൈന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് (1955) പ്രകാരം റജിസ്റ്റർ ചെയ്ത് രൂപീകരിച്ചതാണ് സിറിയൻ ഓർത്തഡോക്സ് ക്രിസ്ത്യൻ അസ്സോസിയേഷൻ എന്ന സംഘടന. അതേ വർഷം മാർച്ച് മാസത്തിൽ കോട്ടയം കഞ്ഞിക്കുഴി ഇറഞ്ഞാലിൽ പുളിക്കച്ചിറയിൽ രണ്ടേമുക്കാൽ ഏക്ക ർ

**സ്ഥലം അസ്സോ സി യേഷൻ വാ ങ്ങുകയു**




ശ്രേഷ്ഠ ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവാ

ണ്ടായി. അന്ന് കോട്ടയം ഭദ്രാസനമെത്രാപ്പോലീത്തകൂടിയായിരുന്ന കിഴക്കിന്റെ കാതോലിക്കാ ശ്രേഷ്ഠ ബസ്സേലിയോസ് പൗലൂസ് രണ്ടാമൻ ബാവായായിരുന്നു ഈ സംഘടനയുടെ ആദ്യത്തെ പ്രസിഡന്റ്. അന്ന് എല്ലാ കാര്യങ്ങൾക്കും മുൻപന്തിയിൽ നിന്ന് പ്രവർത്തിച്ചത് കോട്ടപ്പറമ്പിൽ ശ്രീ. കെ.പി. ജോണും, വിരുത്തിപ്പടവിൽ വി.ജെ.ചാ

ണ്ടിയുമാണ്. അഡ്വ. കെ.പി. നൈനാൻ ( കോട്ടപ്പറമ്പിൽ) കല്ലൂപ്പറമ്പിൽ റവ.ഫാ.വി. എം.ഗീവർഗീസ് എന്നിവർ വൈസ് പ്രസിഡന്റുമാരായി പ്രവർത്തിക്കുകയുണ്ടായി. അഡ്വ. പി.സി. ഏബ്രഹാം, തെക്കെത്തട്ടിൽ ആരംഭം മുതൽ ഇതിന്റെ സെക്രട്ടറിയായിരുന്നു. 2012ൽ ദിവംഗതനാകുന്നതുവരെ അസ്സോസിയേഷന്റെ സെക്രട്ടറിയായി അദ്ദേഹം തുടർന്നു. തന്റെ നിയമ പരിജ്ഞാനത്തിലൂടെ സ്തുത്യർഹമായ സേവനമാണ് അദ്ദേഹം

**നൽകിയിട്ടു ള്ളത്. ചില പ ള്ളി**



അഭിവന്ദ്യ ഡോ. തോമസ് മോർ തിമോത്തിയോസ് മെത്രാപ്പോലീത്ത

കളുൾപ്പെടെ നാല്പതോളം പേരിൽ നിന്ന് ഇക്കാര്യത്തിനായി അന്ന് ധനസമാഹരണം നടത്തുകയുണ്ടായി. ആദ്യത്തെ വാർഷിക പൊതുമീറ്റിംഗ് അഡ്വ. കെ. പി.നൈനാന്റെ അദ്ധ്യക്ഷതയിൽ 1980 മാർച്ച് 20ാം തീയതി കൂടുകയുണ്ടായി. ആദ്യകാല മീറ്റിംഗുകളെല്ലാം കൂടിയിരുന്നത് വിരുത്തിപ്പടവിൽ വി.ജെ. ചാണ്ടിയുടെ ഭവനത്തിൽ വച്ചായിരുന്നു. വാങ്ങിയ സ്ഥലത്ത് ഒരു കെട്ടിടം നിർമ്മിക്കുന്നതിന് തടസ്സം മൂലം കാര്യമായ ഒരു പ്രവർത്തനവും അസ്സോസിയേഷന് ആദ്യകാലങ്ങളിൽ സാധിച്ചില്ല.

*(തുടർച്ച അടുത്ത പേജിൽ...)*



(1ാം പേജിൽ നിന്നും തുടർച്ച)

ടതാണ്ടൂറുകളിൽ അസോസ്സിയേഷന്റെ പ്രസിഡന്റായി അഭി.ഗീവർഗീസ് മാർ ഗ്രീഗോറിയോസ് ( പെരുമ്പള്ളി തിരുമേനി) മീറ്റീംഗുകൾക്ക് അദ്ധ്യക്ഷനായിരിക്കുകയും പല സുപ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. ഒരു സ്കൂൾ ആരംഭിക്കൂന്നതിനെ സംബന്ധിച്ചാണ് അന്ന് പ്രധാനമായും ചിന്തിച്ചത്.

1999 ഫെബ്രുവരി 22 -ാം തീയതി പെരുമ്പള്ളിൽ തിരുമേനി കാലം ചെയ്യുകയും ഞാൻ കോട്ടയം ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുക്കുകയും ചെയ്തു. ആ വർഷം ജൂലൈ 8-ാം തീയതി കൂടിയ പൊതുയോഗത്തിൽ ഒരു ചാപ്പൽ, റിട്രീറ്റ് ഹോം, ഭദ്രാസന ആസ്ഥാനം എന്നിവ നിർമ്മിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടു. ഇപ്പോൾ പൂർത്തീകരിക്കപ്പെട്ടിരിക്കുന്ന കെട്ടിട സമുച്ചയത്തിൽ അന്നത്തെ തീരുമാനങ്ങൾ എല്ലാം നടപ്പിലാക്കി എന്നു കാണാം. നിർമ്മാണം സാധ്യമാകാതെ വന്നാൽ സ്ഥലം വിറ്റ് മറ്റെവിടെയെങ്കിലും കൂടുതൽ സ്ഥലം കണ്ടെത്തി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനെസംബന്ധിച്ചും പ്രസ്തുതയോഗത്തിൽ ചിന്തിക്കുകയുണ്ടായി.

പിന്നീടുള്ള വർഷങ്ങളിൽ ഇറഞ്ഞാലിലുള്ള സ്ഥലം വികസിപ്പിക്കുന്നതിനെ സംബന്ധിച്ച് പല ചർച്ചകളും തീരുമാനങ്ങളും കൈകൊണ്ടുവെങ്കിലും ഒന്നും തന്നെ പ്രവർത്തിപഥത്തിൽ കൊണ്ടുവരുവാൻ സാധിച്ചില്ല. 2002 ഏപ്രിലിൽ കൂടിയ ഒരു മീറ്റിംഗിൽ ഇറഞ്ഞാലിലുള്ള സ്ഥലത്തിന്റെ വടക്കുകിഴക്കേ അതിർത്തി വ്യക്തമായി വേർതിരിച്ച് അവിടെ ഒരു മതിൽ കെട്ടുന്നതിനു തീരുമാനിച്ചു. തന്നെയുമല്ല കെട്ടിടനിർമ്മിതിക്ക് ആവശ്യമായ അനുവാദം തേടുന്നതിനും തീരുമാനിച്ചു. അതിന്റെ ഭാഗമായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി ജില്ലാടൗൺ പ്ലാനർക്ക് സമർപ്പിക്കുകയും വളരെ പരിശ്രമങ്ങൾക്കുശേഷം ചീഫ് ടൗൺ പ്ലാനറുടെ( തിരുവനന്തപുരം)അനേകം നിബന്ധനകളോടുകൂടി കെട്ടിട നിർമ്മിതി നടത്താമെന്നും എന്നാൽ ആയതിന് കോട്ടയം മുനിസിപ്പാലിറ്റിയുടെ അനുമതി വാങ്ങിയിരിക്കണമെന്നും പറഞ്ഞിരുന്നു. ചീഫ് ടൗൺപ്ലാനറുടെ കർശനമായ നിബന്ധനകൾക്കു വിധേയമായി ഒരു പ്ലാൻ അംഗീകരിച്ചു കിട്ടുക അസാധ്യമാണ് എന്നു തോന്നുകയാൽ പിന്നീട് വളരെ നാളത്തേക്ക് യാതൊരു പ്രവർത്തനവും ഉണ്ടായില്ല. നിലം നികത്തുകയോ,സ്ഥലത്തിന്റെ കൺവേർഷൻ സാധ്യമാകുകയോ ചെയ്യാത്ത സാഹചര്യത്തിൽ നേരത്തെ തീരുമാനിച്ച ഒരു കാര്യങ്ങളും നടപ്പിലാക്കുക സാധ്യമല്ലാതായി.

2005 - 2006 വർഷങ്ങളിൽ ഈ സ്ഥലം മറ്റേതെങ്കിലും ബിൽഡേഴ്സുമായി ചേർന്ന് വികസിപ്പിക്കുന്നതിനുള്ള സാധ്യതയെക്കുറിച്ചും ചിന്തിക്കുകയുണ്ടായി. എഴുപത്തിയഞ്ച് സെന്റ് സ്ഥലം വിറ്റ് ബാക്കിയുള്ളവ വികസിപ്പിക്കുന്നതിനെക്കുറിച്ചുള്ള ചിന്തയും ഉണ്ടായിരുന്നു. എന്നാൽ ഈ രീതിയിലുള്ള വികസനവും സാധ്യമല്ലാതായിത്തീർന്നു.2008 ജൂലൈയിൽ കൂടിയ അസ്സോസിയേഷൻ മീറ്റിംഗ് ശ്രീ. ശോഭക് തോമസിനെ ഇവിടെ നിർമ്മിക്കുവാൻ പോകുന്ന കെട്ടിടത്തിന്റെ ആർക്കിടെക്റ്റ് ആയി നിയമിച്ചു. സ്ഥലത്തിന്റെ കൺവേർഷൻ സാ്ധ്യമല്ലാത്ത സാഹചര്യത്തിൽ ഒരു ഫാംഹൗസ് നിർമ്മിക്കുന്നതിനെ സംബന്ധിച്ചാണ് അസ്സോസിയേഷൻ ചിന്തിച്ചതും ആർക്കിടെക്റ്റിനെ ചുമതലപ്പെടുത്തിയതും. എന്നാൽ ആ സ്ഥലത്ത് ഫാം ഹൗസിനുപകരം ഒരു ആധുനിക കെട്ടിട സമുച്ചയം തന്നെ തീർക്കാമെന്നുള്ള കാര്യം അദ്ദേഹം വെളിപ്പെടുത്തി. ഒട്ടും താമസിക്കാതെ ഇപ്പോൾ പണി തീർത്ത കെട്ടിടത്തിന്റെ പ്ലാൻ പൂർത്തീകരിക്കുകയും അംഗീകാരത്തിനായി മുനിസിപ്പാലിറ്റിക്ക് സമർപ്പിക്കുകയും ചെയ്തു. ആപ്രദേശത്ത് എന്ത് ഭാവിയിൽ ഉണ്ടായിരിക്കണമെന്നതിനെ സംബന്ധിച്ച് മുനിസിപ്പാലിറ്റിയും ഗവൺമെന്റും എടുത്തിട്ടുള്ള മുൻ തീരുമാനങ്ങളുടെ വെളിച്ചത്തിൽ പ്ലാൻ അംഗീകാരം സാധ്യമല്ലെന്നുള്ള അറിയിപ്പാണ് മുനിസിപ്പാലിറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായത്. തീരുമാനം പുനപരിശോധിക്കണമെന്നുള്ള അപേക്ഷയും തള്ളപ്പെട്ടു. ഈ സാഹചര്യത്തിൽ പ്ലാൻ അംഗീകരിച്ചു കിട്ടുവാനുള്ള നിയമസാധ്യതകളെക്കുറിച്ച് അഡ്വ. മാത്യു ജോണുമായി സംസാരിച്ചു. പ്ലാൻ തീർച്ചായും അംഗീകരിക്കേണ്ടതായിരുന്നു എന്ന അദ്ദേഹത്തിന്റെ നിഗമനത്തിന്റെ വെളിച്ചത്തിൽ 2009 ഡിസംബർ 15-ാം തീയതി കേരള ഹൈക്കോടതിയിൽ അസ്സോസിയേഷൻ ഒരു റിട്ട് ഫയൽ ചെയ്തു. അടുത്ത ദിവസം തന്നെ ജസ്റ്റിസ് തോട്ടത്തിൽ രാധാകൃഷ്ണൻ അസ്സോസിയേഷന് അനുകൂലമായി വിധി പ്രസ്താവിക്കുകയും ചെയ്തു. അഞ്ചാഴ്ചകൾക്കകയി പ്ലാൻ അംഗീകരിച്ച് നൽകണമെന്നുള്ള ഉത്തരവും വിധിയുടെ ഭാഗമായുണ്ടായി. അങ്ങനെ 1979 ൽ വാങ്ങിയ സ്ഥലത്ത് ഒരു കെട്ടിടം പണിയുന്നതിനുള്ള സാധ്യത തെളിഞ്ഞുവന്നു. ഹൈക്കോടതിയിൽ നിന്നും വിധി സമ്പാദനത്തിൽ മുന്നിട്ട് പ്രവർത്തിച്ചത് ശ്രീ വർഗീസ് ബാബു മാളിയേക്കൽ ആണ്.

2010 മാർച്ച് മാസം 14-ാം തീയതി കെട്ടിടത്തിന് തറക്കല്ലിടുകയും പൈലിംഗ് ജോലികൾ ചെയ്യുന്നതിനായി സൗത്ത് ഇൻഡ്യാ ഫൗണ്ടേഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. സമയബന്ധിതമായി ആ പണികൾ പൂർത്തീകരിക്കപ്പെട്ടു. കെട്ടിടത്തിന്റെ നിർമ്മിതിക്കായി കല്ലറയ്ക്കൽ കൺസ്ട്രക്ഷൻസിനെയാണ് ചുമതലപ്പെടുത്തിയത്. കോട്ടയം ഭദ്രാസനത്തിന്റെ സെക്രട്ടറിയായി 2000 -ൽ ചുമതലയേറ്റ വന്ദ്യ കുറിയാക്കോസ് കോറെപ്പിസ്കോപ്പ കിഴക്കേടത്താണ്. ഈ കാലയളവിലെല്ലാം അസ്സോസിയേഷൻ ട്രഷററായി സുത്യർഹമായ സേവനം നിർവ്വഹിച്ചത്. 2012 - ൽ സ്ഥാനമൊഴിയുന്നതുവരെ അദ്ദേഹം ഭദ്രാസനത്തിന്റെ ഒരു പ്രോജക്ട് എന്ന നിലയിൽ ഓരോ കാര്യങ്ങളും ഭംഗിയായി നോക്കി നടത്തുകയുണ്ടായി.

അമേരിക്കയിലെ മലങ്കര ആർച്ച് ഡയോസിസിൽ നിന്ന് സ്ഥാപനത്തിന്റെ നിർമ്മാണത്തിനായി വളരെ സഹകരണം ഉണ്ടായിട്ടുണ്ട്. കോട്ടയം ഭദ്രാസനത്തിലെ പള്ളികളിലെ ഇടവകാംഗങ്ങൾ നൽകിയിട്ടുള്ള സംഭാവനകളിലൂടെയാണ് സെന്ററിന്റെ പുർത്തീകരണം സാധ്യമായിത്തീർന്നത്. സ്ഥലത്തിന്റെ ഇരുവശങ്ങളിലും കല്ല് കെട്ടി ഓടയും, തോടും വഴിയായി വെള്ളം ഒഴുകിപ്പോകത്തക്ക വണ്ണം സജ്ജമാക്കിയത് കേരളാ ഗവൺമെന്റിന്റെ മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റാണ്. ചീഫ് ടൗൺ പ്ലാനറുടെ നിബന്ധന അങ്ങനെ പാലിക്കപ്പെടുകയുണ്ടായി. അസ്സോസിയേഷന്റെ ഓഡിറ്റേഴ്സ് ആയി പ്രവർത്തിക്കുന്ന പദ്മനാഭൻ ആന്റ് അസ്സോസിയേറ്റ്സിന്റെ സേവനങ്ങളെ പ്രത്യേകം എടുത്തു പറയേണ്ടതായിട്ടുണ്ട്.


കല്ലറയ്ക്കൽ കൺസ്ട്രക്ഷൻസ് കെട്ടിടത്തിന്റെ സ്ട്രക്ച്ചർ വളരെ നന്നായി പൂർത്തികരിച്ച് കഴിഞ്ഞ് അസ്സോസിയേഷൻ 2013 മുതൽ പൂർത്തീകരണത്തിനുള്ള പണികൾ നേരിട്ട് നിർവ്വഹിക്കുകയുണ്ടായി.കെട്ടിട നിർമ്മിതിയുടെ എല്ലാ ഘട്ടങ്ങളിലും സ്തുത്യർഹമായ സേവനം നൽകിയിട്ടുള്ളവരാണ് ശ്രീ. ജോൺപോൾ കോട്ടപ്പറമ്പിൽ ശ്രീ. പി.എം ജേക്കബ് പഴയകുളം, ശ്രീ.ജോഷി ചാണ്ടി ഇലഞ്ഞിവീട്ടിൽ എന്നിവർ. സങ്കീർണമായ അനേക പ്രശ്നങ്ങൾ ഇവരുടെ സമയോചിതമായ ഇടപെടലുകൾകൊണ്ട് പരിഹൃതമായിട്ടുണ്ട്. അസ്സോസിയേഷൻ സെക്രട്ടറി എന്ന നിലയിൽ ശ്രീ. ജോൺപോൾ നൽകിയ വിലപ്പെട്ട സേവനവും ശ്രീ. പി.എം ജേക്കബ് പഴയകുളം പി.ഡബ്ല്യൂ.ഡി എഞ്ചിനിയർ എന്ന നിലയിൽ പ്രവർത്തിച്ചതിൽ നിന്നുള്ള വിശാലമായ അറിവും അനുഭവസമ്പത്തും, സിവിൽ കോൺട്രാക്ടർ എന്ന നിലയിൽ ശ്രീ.ജോഷി ചാണ്ടി ഇലഞ്ഞിവീട്ടിലിന്റെ പ്രവർത്തനപരിചയവുമെല്ലാം നിർമ്മാണത്തിന്റെ എല്ലാ ഘട്ടങ്ങളിലും വലിയ മുതൽകൂട്ടായി തീർന്നിട്ടുണ്ട്. ശ്രീ. എം.ഐ. ജോയി മന്ദിരത്തിൽ നൽകിയിട്ടുള്ള സേവനത്തേയും നന്ദിയോടെ സ്മരിക്കുന്നു. സാമ്പത്തിക സമാഹരണത്തിന് മുന്നിട്ടു പ്രവർത്തിച്ച വന്ദ്യ കുര്യാക്കോസ് മണലേൽച്ചിറ കോറെപ്പിസ്കോപ്പ (ഭദ്രാസന സെക്രട്ടറി) വന്ദ്യ തോമസ് കെ.ഇട്ടി. കുന്നത്തയ്യേട്ട് കോറെപ്പിസ്കോപ്പ (കൺവീനർ) ഫാ. കുര്യൻ മാത്യു വടക്കേപ്പറമ്പിൽ എന്നിവരുടെ അദ്ധ്വാനവും വളരെ ഫലം കണ്ടു. മറ്റനേകം പേരുകളും പരാമർശിതമാകേണ്ടതായിട്ടുണ്ട് എങ്കിലും വിസ്താരഭയത്താൽ ഞാനതിനു മുതിരുന്നില്ല.

യാക്കോബായ സഭയ്ക്ക് പ്രത്യേകിച്ച് കോട്ടയം ഭദ്രാസനത്തിന് വളരെ വിപുലമായ പ്രവർത്തന സാധ്യതകളാണ്, ഈ കെട്ടിട നിർമ്മിതിയിലൂടെ സംജാതമായിട്ടുള്ളത് കോട്ടയം പട്ടണത്തിൽ വിരളമായ വിശാലമായ സ്ഥലങ്ങളിൽ ഒന്നായ ഇറഞ്ഞാലിൽ പുളിക്കച്ചിറയിലെ ഈ സ്ഥലം ശാന്തസുന്ദരവും, പ്രകൃതിരമണീയവുമായ ഒരിടമാക്കിതീർക്കുവാൻ സാധിക്കുന്നതാണ്. അനേകരുടെ സഹകരണത്താൽ ഇത് സഭാംഗങ്ങൾക്കും പൊതുസമൂഹത്തിനും വലിയ ഒരു അനുഗ്രഹമായിത്തീരട്ടെ എന്ന പ്രാർത്ഥനയും പ്രതീക്ഷയുമാണുള്ളത്.ഈ കെട്ടിട സമുച്ചയം ഇപ്പോൾ കൂദാശ ചെയ്യപ്പെടുന്നുവെങ്കിലും പരി. ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയാർക്കീസ് ബാവായുടെ ശ്ലൈഹിക സന്ദർശനം 2015 ഫെബ്രുവരിയിൽ ഉണ്ടാകുമ്പോൾ ചാപ്പലിന്റെ മൂറോൻ കൂദാശയും സെന്ററിന്റ ഔദ്യോഗിക ഉദ്ഘാടനവും നിർവ്വഹിക്കപ്പെടുന്നതാണ്.

ചാപ്പൽ, ഓഫീസ് മുറികൾ, കോൺഫറൻസ് മുറി, ലൈബ്രറി, താമസത്തിനുള്ള മുറികൾ എന്നിവയുള്ള ഒരു കെട്ടിടമാണ് പൂർത്തികരിക്കപ്പെട്ടിട്ടുള്ളത്. ഇതിനോട് സഹകരിച്ചു പ്രവർത്തിച്ച് മൺമറഞ്ഞുപോയവരെയും ഈ നിർമ്മാണത്തിൽ ഹൃദയപൂർവ്വം സഹകരിച്ച ഓരോരുത്തരെയും നന്ദിയോടെ ഓർത്തുകൊണ്ടു അവരുടെ അനുഗ്രഹത്തോടെ സമർപ്പിക്കുന്നു.


റവ.ഫാ. ഗീവർഗ്ഗീസ് കല്ലൂപ്പറമ്പിൽ
വൈസ് പ്രസിഡന്റ്


Late.വി.ജെ ചാണ്ടി വിരുത്തിപ്പടവിൽ
വൈസ് പ്രസിഡന്റ്


Late.കെ.പി. നൈനാൻ കോട്ടപ്പറമ്പിൽ
വൈസ് പ്രസിഡന്റ്



Late.അഡ്വ. പി.സി. എബ്രഹാം തെക്കേത്തട്ടിൽ (സെക്രട്ടറി)


Late.കെ.പി. ജോൺ കോട്ടപ്പറമ്പിൽ
ജോ. സെക്രട്ടറി


Late.ബി.വി. എബ്രഹാം ഭഗവതിപ്പറമ്പിൽ
ട്രഷറാർ

## അസ്സോസിയേഷന്റെ ആദ്യകാല മാനേജിംഗ് കമ്മറ്റി (1979)


പുണ്യ ശ്ലോകനായ ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ
പ്രസിഡന്റ് - 1979


പുണ്യ ശ്ലോകനായ ഡോ. ഗീവർഗ്ഗീസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ
(പെരുമ്പള്ളി തിരുമേനി) (പ്രസിഡന്റ് - 1990)


ആശംസകൾ
EDEN RUBBERS
Kurichy P.O., Kottayam

Best compliments from
Since 1984
Best Bakers
SERVICE & QUALITY IS OUR LANGUAGE
PUTHUPPALLY Best Bakers: 0481-2351061, 9747957640
PUTHUPPALLY Best Restaurant: 0481-2354486
PUTHUPPALLY PALLY CANTEE Best Bakers & Restaurant: 0481-2351404, 89431 30004
MANARCADU Best Bakers & Restaurant: 0481-2370037,9745531144
KALATHILPADY Coffee Shop & Icecream parlour: 89431 30001, 89431 30002
PAMPADY Best Bakers & Coffee Shop: 0481-2507614, 9447910322
KULANADA Best Bakers: 04734-263317, 9495509299
ADOOR Best Bakers & Coffee Shop: 04734-226162, 9495509299
We organize & manage outdoor catering for all functions

STANDARD SURGICAL SYNDICATE
IX/556-B, Korattiyil Complex
Sastri Road, Kottayam - 686 001
E-mail: office@standardsurgicalsyndicate.com
Web: www.standardsurgicalsyndicate.com
Ph: 0481-2561658, 2566808

ആശംസകൾ
CONTOUR
HOLIDAY
RESORTS PVT. LTD.
CHANGANACHERRY

Refresh in nature's lap...

Experience the vibrance of
Plantation Valley
An eco friendly farm resort of
The Plantation Corporation of Kerala Ltd
Athirappilly, Thrissur Dist., Kerala
☎ 0480.2769631. Fax: 0480.2769634
www.plantationvalley.com


SOUTH INDIA FOUNDATIONS
ENGINEERS & CONTRACTORS
1st FLOOR, M.D.C. CENTRE
K.K. ROAD, KOTTAYAM - 686 001
SPECIALISTS IN PILE FOUNDATION
Ph. Off. 2564525
Mob. 9847050519, 9447058292

BANK TEST COACHING
CAT,MAT,CMAT (MBA Entrance Test)
GATE (M.Tech Entrance Test)
Join the Best Test Preparation Centre
T.I.M.E.
KANJIKUZHY, KOTTAYAM-4
Tel: 8129050264, 0481-6454101

# സിറിയൻ ഓർത്തഡോക്സ് സെന്ററിന്റെ കൂദാശയും അഭിവന്ദ്യ ഡോ. തോമസ് മോർ തിമോത്തിയോസ് തിരുമേനിയുടെ മെത്രാഭിഷേക രജതജൂബിലിയും

## അക്ഷര നഗരിയിലെ ആത്മീയതയുടെ അമരക്കാരൻ അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് തിരുമേനി

**– സഖറിയാസ് മോർ പീലക്സിനോസ് മെത്രാപ്പോലീത്ത**



സഖറിയാസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ (ഇടുക്കി ഭദ്രാസനം)

കാലചക്രത്തിന്റെ ഭ്രമജനകമായ ഭ്രമണത്തിൽ, ശാശ്വതമെന്നു കരുതപ്പെടുന്ന പലതും ജീർണിച്ചു തീരുന്നതും പുതിയ അങ്കുരങ്ങൾ നാമ്പെടുത്തു വളരുന്നതും പ്രകൃതിയുടെ താളക്രമമാണ്. കാലത്തിന്റെ കറക്കങ്ങളെ അതിജീവിച്ച് അവ തനിമയോടെ നിലനിൽക്കുന്നതും കൂടുതൽ തിളക്കമാർജിക്കുന്നതുമൊക്കെ പരമകാരുണ്യകനായ ദൈവത്തിന്റെ വലിയ കൃപ കവിഞ്ഞൊഴുകുന്നതുകൊണ്ടു മാത്രം.

യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ സംഭവബഹുലമായ പരശ്ശതം നൂറ്റാണ്ടുകൾക്കുള്ളിൽ പ്രകാശ നക്ഷത്രങ്ങളായി ഉദയം ചെയ്യുകയും ഉജ്ജ്വല തേജസ്സൊഴുക്കി കടന്നു പോകുകയും ചെയ്ത മഹാരഥന്മാരെയും അക്കരപ്പച്ച കണ്ടു ഭ്രമിച്ചു പോയവരെയും ബലഹീനതകളിൽ വാടിത്തളർന്നു വീണവരെയും കാണാൻ കഴിഞ്ഞെന്നു വരാം. ജീവിത പ്രതിഭാസത്തിന്റെ സ്വാഭാവിക വൈരുദ്ധ്യങ്ങൾക്കിടയിൽ പൊടിമണ്ണിൽ പൊഴിഞ്ഞ സ്വർണ്ണത്തിന്റെ വർണ്ണത്തിളക്കം പോലെ സമാനതകളില്ലാത്ത തേജസ്സായി സഭയും സമൂഹവും നോക്കിക്കാണുന്ന ഉൽകൃഷ്ട വ്യക്തിത്വത്തിന്റെ ഉടമയാണ്, പ്രധാനാചാര്യത്വത്തിന്റെ ഇരുപത്തഞ്ചു സംവത്സരങ്ങൾ പിന്നിടുന്ന, കോട്ടയം ഭദ്രാസനാധിപൻ, അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്താ തീരുമേനി.

കോട്ടയത്തിന്റെ പൂർവ്വ ദിക്കിൽ അരീപ്പറമ്പ് ദേശത്ത് പ്രശസ്തമായ മുറിയാങ്കൽ തറവാട്ടിൽ കുരിയൻ കുരുവിളയുടെയും അന്നാമ്മയുടെയും ദാമ്പത്യ വല്ലരിയിലെ ആറാമത്തെ സുരഭില കുസുമമാണ് അഭിവന്ദ്യ തിരുമേനി. ജനനം 1949 ജൂലൈ 11. കുറവുകളൊന്നുമില്ലാതിരുന്ന കുടുംബത്തിൽ അധരത്തിൽ വെള്ളിക്കരണ്ടിയുമായി ജനിച്ച തിരുമേനിയുടെ വിദ്യാഭ്യാസം സ്വദേശത്തും വിദേശത്തുമായിരുന്നു. ബിരുദങ്ങളും ബിരുദാനന്തര ബിരുദങ്ങളും പലതും നേടിയിട്ടുണ്ട്. നിശബ്ദമായൊഴുകുന്ന തെളിനീർപ്പുഴ പോലെ ജ്ഞാനത്തിന്റെയും ലാളിത്യത്തിന്റെയും പവിത്ര പാതകളിലൂടെയായിരുന്നു സഞ്ചാരം.

കിഴക്കിന്റെ പറുദീസയായ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തെ കൃപയുടെ ഉറവയായി കാണുകയും ആ അപ്പസ്തോലിക സിംഹാസനത്തിൻ കീഴിൽ അവസാനശ്വാസം വരെ പാറ പോലെ ഉറച്ചു നിൽക്കുകയും ചെയ്ത ശ്രേഷ്ഠ ബസ്സേലിയോസ് പൗലൂസ് ദ്വിതീയൻ ബാവായുടെ തൃക്കരങ്ങളിൽ നിന്നും പൗരോഹിത്യ പദവിയും പ്രധാനാചാര്യത്വ സ്ഥാനവും പ്രാപിക്കുവാൻ തിരുമേനിക്കു ഭാഗ്യം ലഭിച്ചു. സത്യവിശ്വാസ സംരക്ഷണത്തിനു വേണ്ടി സുധീരം പോരാടിയ തിരുമേനി 1990-ൽ മെത്രാപ്പോലീത്തയായി അഭിഷിക്തനായ ശേഷം ബാഹ്യ കേരള ഭദ്രാസനത്തിന്റെ സഹായകനായും 1992-ൽ ഭദ്രാസനാധിപനായും ശുശ്രൂഷ ചെയ്തു.


കേരളത്തിനു വെളിയിൽ, ബാംഗ്ലൂർ സെന്റ് മേരീസ് പള്ളിയടക്കം നിരവധി ദേവാലയങ്ങൾ അദ്ദേഹം സ്ഥാപിച്ചു. 1993-ൽ ലാത്തൂരിൽ ഭൂമികുലുക്കം ഉണ്ടായപ്പോൾ തകർന്നടിഞ്ഞ ഗ്രാമങ്ങളിലേക്ക് ആശ്വസിപ്പിക്കുന്ന കരങ്ങളുമായി കടന്നുചെന്ന തിരുമേനി Gramma Jyothi Social Welfare Centre, Health Clinics, Educational Programmes എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. 1999 ഫെബ്രുവരി 22-നു കോട്ടയം ഭദ്രാസനമെത്രാപ്പോലീത്തയായിരുന്ന ഡോ. ഗീവർഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനി കാലം ചെയ്തപ്പോൾ കോട്ടയം ഭദ്രാസനമെത്രാപ്പോലീത്തയായി നിയോഗിക്കപ്പെട്ടു. M.S.O.T സെമിനാരി പ്രസിഡന്റ്, തുമ്പമൺ, നിരണം, കൊല്ലം, ഗൾഫ്, സിങ്കപ്പൂർ, മലേഷ്യ എന്നീ ഭദ്രാസനങ്ങളുടെ ചുമതലയും വഹിച്ചു. എക്യുമെനിക്കൽ മേഖലകൾ, ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ KCC, NCCI, WCC, രാഷ്ട്രീയ സാമുദായിക രംഗങ്ങൾ, സാംസ്കാരിക മണ്ഡലങ്ങൾ എന്നിങ്ങനെതിരുമേനിയുടെ കർമചൈതന്യം നിറഞ്ഞുനിൽക്കുന്ന മേഖലകൾ ഏറെയാണ്. പരി. സഭയിലെ എല്ലാ ഭദ്രാസനങ്ങൾക്കും തികഞ്ഞ മാതൃക നൽകുന്ന നിലയിൽ കോട്ടയം ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങളെ ഏകോപിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചു. സഭയിലെ ഏകദേശം ഏഴു മെത്രാപ്പോലീത്തന്മാരുടെയും അനേകം വൈദികരുടെയും അദ്ധ്യാപകനാകാൻ അവസരം ലഭിച്ച തിരുമേനി തന്റെ ശിഷ്യഗണത്തിന് എന്നും അഭിമാനമാണ്. പണ്ഡിതനും മിതഭാഷിയും ലാളിത്യത്തിന്റെ ഉടമയും ആണ് തിരുമേനി.

സെമിനാരിയിൽ എന്റെ അദ്ധ്യാപകനും കോട്ടയം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്ത എന്ന നിലയിൽ പൗരോഹിത്യനൽവരം പകർന്നു നൽകിയ ആത്മീയ ഗുരുവുമാണ് അദ്ദേഹം. കോട്ടയം ഭദ്രാസനമെത്രാപ്പോലീത്തയായി ചുമതലയേറ്റ അന്നു മുതൽ അദ്ദേഹത്തെ കൂടുതൽ അറിയുവാനും അടുത്തു നിൽക്കുവാനും അവസരം ലഭിച്ചു. "ശുശ്രൂഷിക്കപ്പെടുവാനല്ല ശുശ്രൂഷിക്കുവാൻ" എന്ന നിലയിൽ ആരിൽ നിന്നും ശുശ്രൂഷയും പരിചരണവും അദ്ദേഹം പ്രതീക്ഷിക്കാറില്ല. സഭയെക്കുറിച്ചും സമൂഹത്തെക്കുറിച്ചും വ്യക്തമായ ദർശനങ്ങളും നിലപാടുകളും അദ്ദേഹത്തിനുണ്ട്. കുടിയേറ്റ മേഖലയായ ഇടുക്കി ജില്ലയിലെ കർഷക കുടുംബങ്ങളിലേക്ക് ആധുനിക വിദ്യാഭ്യാസത്തിന്റെ പുതിയ വെളിച്ചം പകരാൻ അദ്ദേഹത്തിനു കഴിഞ്ഞു. സ്വന്തം ജീവിതവും സമ്പാദ്യങ്ങളും മുഴുവൻ അതിനായി മാറ്റിവയ്ക്കുന്നതിന് അദ്ദേഹം മടി കാണിച്ചില്ല. ഇടുക്കി ജില്ലയിലെ നിർദ്ധനരായ അനേകം കുട്ടികളുടെ പഠനകാര്യങ്ങൾ ഏറ്റെടുക്കുകയും പഠനത്തിൽ മികച്ച വിദ്യാർഥികൾക്ക് കൈത്താങ്ങ് ആകുകയും ചെയ്യാൻ അദ്ദേഹത്തിനു സാധിച്ചു. ചരിത്രത്തിൽ അഗാധമായ അറിവും ചരിത്ര പശ്ചാത്തലത്തിൽ വസ്തുതകളെ നിർവചിക്കാനുള്ള കഴിവും മൂലം സഭയുടെയും സമൂഹത്തിന്റെയും ഗതിവിഗതികളെ വിലയിരുത്തുവാൻ അദ്ദേഹത്തിനു സിദ്ധിയുണ്ടെന്ന് അനുഭവത്തിലൂടെ മനസിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആശയങ്ങളിലും അഭിപ്രായങ്ങളിലും പൊരുത്തക്കേടുകൾ ഉണ്ടായാലും സഭയുടെ പൊതുനന്മയ്ക്കും അച്ചടക്കത്തിനും വിഘാതം വരാതെ ശ്രദ്ധിക്കുന്നത് അദ്ദേഹം കാണിച്ചു തരുന്ന മാതൃകയാണ്.

നിന്ദിക്കുന്നവരെ നിന്ദിക്കുവാനോ ആക്ഷേപിക്കുന്നവരോട് മറുപടി പറയുവാനോ അദ്ദേഹം തുനിയാറില്ല. കോട്ടയം ഭദ്രാസനമെത്രാപ്പോലീത്ത എന്ന നിലയിൽ അദ്ദേഹം ചുമതലയേറ്റ അന്നു മുതൽ അദ്ദേഹത്തോടൊപ്പം ശെമ്മാശനായും വൈദീകനായും ശുശ്രൂഷിക്കുവാൻ എനിക്കു ഭാഗ്യം ലഭിച്ചിട്ടുണ്ട്. നിരന്തര പഠനത്തിലൂടെയും വായനയിലൂടെയും അദ്ദേഹത്തിനു ലഭിച്ച അഗാധമായ ജ്ഞാനവും പാണ്ഡിത്യവും അടുത്തറിയാൻ സാധിച്ചു. അദ്ദേഹത്തിന്റെ ചിന്തയിലും വാക്കുകളിലും നിറഞ്ഞു നിൽക്കുന്ന സാമൂഹ്യ പ്രതിബദ്ധതയും ദർശനങ്ങളും ആദ്ധ്യാത്മികതയോടുള്ള വിശാലമായ സമീപനങ്ങളും നൽകിയ പ്രചോദനമാണ് തൂത്തൂട്ടി മോർ ഗ്രിഗോറിയൻ ധ്യാനകേന്ദ്രം ആരംഭിക്കുവാൻ പ്രചോദനമായത്.

കോട്ടയം സെന്റ് ജോസഫ് കത്തീഡ്രൽ മോടിയാക്കുകയും പള്ളിയോട് ചേർന്ന് ബിഷപ്പ് ഹൗസ് പണി കഴിപ്പിച്ചതിനുപുറമെ ഭദ്രാസനത്തിൽ നടന്നുവരുന്ന പ്രാർത്ഥനാ സമാജം, കൃപാ മിനിസ്ട്രി, ആശ്രയ ഗൈഡൻസ് സെന്റർ തുടങ്ങിയ ആത്മീയ പ്രസ്ഥാനങ്ങളും തിരുമേനിയുടെ പ്രയത്നത്താൽ ആരംഭിച്ചിട്ടുള്ളതാണ്.

പതിറ്റാണ്ടുകളായി വ്യവഹാരങ്ങളിലൂടെ കടന്നുപോയ പരി. സഭ പ്രതിസന്ധികളിൽ പെട്ട് ആടി ഉലഞ്ഞപ്പോൾ വിശ്വാസത്തിലും അന്ത്യോഖ്യാ സിംഹാസനത്തോടുള്ള കറയില്ലാത്ത ഭക്തിയിലും ഉറച്ചുനിന്ന അദ്ദേഹം എടുത്ത നിലപാടുകളും തീരുമാനങ്ങളുമാണ് പരിഭ്രാന്തരായി പോയ സഭാവിശ്വാസികൾക്ക് അന്ന് ആശ്വാസം നൽകിയതും ഇന്നു കാണുന്ന സഭയുടെ നിലനിൽപിനും കാരണമായതും. ക്രൈസ്തവ സഭകൾക്ക് 21-ാം നൂറ്റാണ്ടിൽ വലിയ ദൗത്യനിർവഹണങ്ങൾ ബാക്കി നിൽക്കുന്നു. ദൈവീക ദർശനങ്ങളും വിശാലമായ കാഴ്ചപ്പാടും സാമൂഹിക പ്രതിബദ്ധതയുമുള്ള നിലപാടുകളും കാത്തുസൂക്ഷിക്കുന്ന സഭാ മേലധ്യക്ഷന്മാരെ ഈ തലമുറ ഉറ്റുനോക്കുന്നു. അടുത്ത തലമുറയിൽ ക്രൈസ്തവ സഭയുടെ ഭാവി നിർണയിക്കേണ്ടത് ഈ തലമുറയിലെ ദർശനങ്ങളുള്ള വ്യക്തിത്വങ്ങളാണ്. അക്ഷരനഗരിയായ കോട്ടയത്തെ എല്ലാ സഭകളും മതങ്ങളും സാംസ്കാരിക രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഒരുപോലെ ആദരിക്കുന്ന അഭിവന്ദ്യ തിരുമേനിയുടെ ഈ കാലഘട്ടങ്ങളിലെ പ്രവർത്തനങ്ങളെ വലിയ പ്രതീക്ഷയോടെയാണ് സഭയും സമൂഹവും ഉറ്റുനോക്കുന്നത്. പ്രാധാനാചാര്യത്വത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുമ്പോൾ ജൂബിലി സ്മാരകമായി കോട്ടയം കഞ്ഞിക്കുഴിയിൽ പണിതുയർത്തിയ സ്മാരകമന്ദിരം Syrian Orthodox Christian Association സഭയ്ക്കും സമൂഹത്തിനുമായി സമർപ്പിക്കുന്ന ഈ വേളയിൽ ശിഷ്യഗണങ്ങളും ആത്മീയ മക്കളുമായ ഞങ്ങൾ പ്രതീക്ഷയോടെ ഒരിക്കൽകൂടി ഏറ്റുപാടുന്നു. ഓക്സിയോസ്, ഓക്സിയോസ്, ഓക്സിയോസ് ആബൂൻ മോർ തീമോത്തിയോസ്.



**റവ. ഫാ. ജോസി എബ്രഹാം അട്ടച്ചിറയിൽ**
പബ്ലിസിറ്റി കൺവീനർ & സപ്ലിമെന്റ്



**റവ. ഫാ. കുര്യൻ മാത്യു വടക്കേപ്പറമ്പിൽ**
ജോയിന്റ് ജനറൽ കൺവീനർ & സപ്ലിമെന്റ്

## സപ്ലിമെന്റ് കമ്മറ്റി



**റവ. ഫാ. മനോജ് വാളമ്പറമ്പിൽ**




**ജിബു കെ. മാത്യു കറുകച്ചേരിൽ**
(സഭ മാനേജിംഗ് കമ്മറ്റി)



**സോജിൻ പി. മാത്യു പൊക്കിടിയിൽ**
(യൂത്ത് അസ്സോ. ഭദ്രാസന സെക്രട്ടറി)




**പി.എം. മാത്യു പഴൂർ**




**വർഗ്ഗീസ് ചെമ്പോല**



**കുര്യച്ചൻ കറുകച്ചേരിൽ**



**ബാബു ചെറിയാൻ കൈപ്പള്ളിയിൽ**



**ഉതുപ്പ് തോമസ് പാറപ്പറമ്പിൽ**



**ബിനോദ് മുറിയാങ്കൽ**

